## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4088** **20.03.2018- ൽ മറുപടിയ്ക്ക്**

### പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) കാർഷിക വിളകളുടെ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേന കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദേശങ്ങൾ നൽകുകയുമാണ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന ചെയ്യുന്നത്. പെസ്റ്റ് ബുള്ളറ്റിനുകൾ മുഖേനയും കർഷകർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുന്നു. സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം എന്നിവ സംബന്ധിച്ച നിർദേശങ്ങളും കർഷകർക്ക് നൽകുന്നു. കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, അമ്ലത്വ പരിശോധനയ്ക്കുള്ള പി.എച്ച്.മീറ്റർ, ശത്രുകീടങ്ങളേയും മിത്ര കീടങ്ങളേയും തിരിച്ചറിയാനുള്ള സ്പെസിമനുകൾ, ഫോട്ടോ ഗ്രാഫുകൾ, ചാർട്ടുകൾ എന്നിവ കൂടാതെ കൃഷി സംബന്ധമായ വിവരങ്ങൾ നൽകുന്ന ലഘുലേഖകൾ, പുസ്തകങ്ങൾ മാഗസിനുകൾ സി.ഡി.കൾ എന്നിവയും റഫറൻസിനായി കർഷകർക്ക് ലഭ്യമാക്കുന്നു.<br>2013-14 മുതൽ 2016-17 വരെയുള്ള കാലയളവിലായി 14 ജില്ലകളിലായി 152 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. 2017-18 വർഷത്തിൽ 14 ജില്ലകളിലായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കൊല്ലം, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ലാപ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | തൃശ്ശൂർ ജില്ലയിൽ ആകെ എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്; അവ എവിടെയെല്ലാമാണ്; | (ബി) | തൃശ്ശൂർ ജില്ലയിൽ 2016-17 വരെയുള്ള കാലയളവിൽ 16 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ 2017-18 വർഷത്തിൽ 9 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.ആകെ 25 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ തൃശ്ശൂർ ജില്ലയിൽ അനുവദിച്ചിട്ടുണ്ട്.<br>2016-17 വരെയുള്ള കാലയളവിലെ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ താഴെ ചേർക്കുന്നു.<br>അന്തിക്കാട്, വെങ്കിടങ്ങ്, അയ്യന്തോൾ, പൊറത്തിശ്ശേരി, കടവല്ലൂർ, വടക്കാഞ്ചേരി, ഒല്ലൂക്കര, ചേർപ്പ്, ആളൂർ, കാട്ടുകറ്റി, പഴയന്നൂർ, കൊടകര, വെള്ളാങ്ങല്ലൂർ, പുന്നയൂർക്കുളം, ഏറിയാട്, തളിക്കുളം.<br>2017-18 ൽ ആരംഭിക്കുന്ന ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾ താഴെ ചേർക്കുന്നു.<br>താന്ന്യം, എടവിലങ്ങ്, പുത്തൻചിറ, പുതുക്കാട്, വിൽവട്ടം, കുർക്കഞ്ചേരി, പുന്നയൂർ,പരിയാരം,അവിണിശ്ശേരി. |
| (സി) | നാളികേര, നെൽകൃഷി പ്രധാനമായ മണലൂർ മണ്ഡലത്തിൽ എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ നിലവിലുണ്ട്; | (സി) & (ഡി) | മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്കിൽ ഉൾപ്പെടുന്ന വെങ്കിടങ്ങ് കൃഷിഭവനിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. 2017-18 വിള ആരോഗ്യപരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം 50 പഞ്ചായത്തുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.<br>മണലൂർ മണ്ഡലത്തിൽ പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | പുതിയതായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മണലൂർ മണ്ഡലത്തിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ